കുഴിച്ച് കേബിൾ ഇടുന്നതിനെത്തുടർന്ന് കേടുപാടുകൾ വരുന്ന റോഡുകൾ നന്നാക്കാൻ അവർ കെട്ടിവയ്ക്കുന്ന നാമമാത്ര സംഖ്യയേക്കാൾ എത്രയോ ഇരട്ടിയാണ് ഇവ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ചെലവ് വരുന്നത്. കേബിളുകൾ സ്ഥാപിക്കുമ്പോൾ റോഡുകളുടെ അറ്റകുറ്റപണികൾക്ക് കേബിളിട്ട ഉടനെ പണം അനുവദിക്കുന്നതിനും ബന്ധപ്പെട്ട റോഡുകൾ നേരെയാക്കുന്നതിനും പി.ഡബ്ല്യു.ഡി.യും വകുപ്പുമന്ത്രിയും തയ്യാറാകണം. എന്റെ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ചമ്രവട്ടം, പുറത്തൂർ, ആലത്തൂർ പള്ളിക്കടവ് റോഡുകളിൽ സ്വകാര്യ കമ്പനികളുടെ കേബിൾ സ്ഥാപിച്ച് റോഡുകൾ മുഴുവൻ ഗതാഗത യോഗ്യമല്ലാതായിരിക്കുകയാണ്. ഈ റോഡുകൾ മുഴുവൻ അറ്റകുറ്റപണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് ആവശ്യമായ തുക അനുവദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ കേബിളുകൾ ഇടുന്ന കാര്യത്തിൽ ഗവൺമെന്റ് അത്ര വലിയ താൽപ്പര്യം കാണിച്ചിരുന്നില്ല. പക്ഷേ 4 ജി പോലുള്ള അത്യന്താധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ നിന്ന് കേരളത്തെ തടയുമെന്ന് പലരും ചൂണ്ടിക്കാണിച്ചതുകൊണ്ടാണ് അത്തരത്തിലുള്ള കേബിളുകൾ ഇടുന്നതിന് പിന്നീട് അനുവാദം കൊടുത്തത്. അനുവാദം കൊടുത്തപ്പോൾതന്നെ അതിന്റെ കേബിളുകൾ സ്ഥാപിച്ചാലുടൻ restoration ജോലികൾ നടത്തണമെന്നും അതിനുള്ള സംവിധാനം ചെയ്യണമെന്നും പ്രത്യേകം പറഞ്ഞിരുന്നു. ഏതായാലും തവനൂർ മണ്ഡലത്തിലെ തിരുർ, ചമ്രവട്ടം, ആലത്തിയൂർ, മംഗലം, കുട്ടായിക്കടവ്, പള്ളിക്കടവ്, ടിപ്പുസുൽത്താൽ, പുറത്തൂർ തുടങ്ങിയ റോഡുകളിൽ കുഴിയെടുത്തതിന്റെ restoration ശരിയായ രീതിയിൽ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(39) ഗട്ടറിൽ വീണ് മരണം

ശ്രീ. മാത്യു റ്റി. തോമസ് : സർ, ഇന്നലെ രാവിലെ എന്റെ മണ്ഡലത്തിലെ മല്ലപ്പള്ളിയിൽ വച്ച് പി.ഡബ്ല്യു.ഡി. റോഡിന്റെ നടുക്കുണ്ടായ ഗട്ടറിൽ വീണ് ഒരു വീട്ടമ്മ മരിക്കാനിടയായ സംഭവമാണ് സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. പി.ഡബ്ല്യു.ഡി. റോഡിന്റെ നടുക്ക് രൂപപ്പെട്ട ഗട്ടറിൽ വീണ് 38 വയസ്സുള്ള ബീനാ ഷാജി എന്ന വീട്ടമ്മ മരിക്കാനിടയായി. റോഡിന് നടുവിൽ ഈ കുഴി രൂപപ്പെട്ടിട്ട് കുറച്ചുദിവസങ്ങളായി. അത് മൂടണമെന്ന് അധികാരികളുടെ മുമ്പിൽ പലയാളുകളും ശ്രദ്ധയിൽപ്പെടുത്തിയിട്ടും അനക്കമുണ്ടായില്ല എന്ന് നാട്ടുകാർക്കിടയിൽ പ്രതിഷേധമുണ്ട്. പ്ലസ് വൺ-ന് പ്രവേശനം ലഭിച്ച കുട്ടിയെ സ്കൂളിൽ കൊണ്ടുചെന്നാക്കി സന്തോഷത്തോടെ മടങ്ങുമ്പോഴാണ് സ്കൂട്ടർ യാത്രികയായ വീട്ടമ്മ ഇന്നലെ വീണത്. തലയിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഹെൽമറ്റ് ഉണ്ടായിട്ടും തലയ്ക്ക് പരിക്കേറ്റ് മരിക്കുകയാണുണ്ടായത്. അതീവ ദാരുണമായ ഈ അപകട മരണത്തെപ്പറ്റി വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് അന്വേഷിക്കണമെന്നും മരണപ്പെട്ട ആളിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണമെന്നും മരണം വിതയ്ക്കുന്ന തരത്തിൽ അപകടകരമായിക്കാണുന്ന പി.ഡബ്ല്യു.ഡി. റോഡിലെ കുഴികൾ, പ്രത്യേകിച്ച് ആ പ്രദേശത്തുള്ള റോഡുകൾ, യുദ്ധകാലാടിസ്ഥാനത്തിൽ മൂടി കൂടുതൽ അപകടങ്ങൾ ഒഴിവാക്കാൻ സത്വര നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, വളരെ ദൗർഭാഗ്യകരമായ ഒരു സംഭവമാണ് ബഹുമാനപ്പെട്ട മാത്യു. റ്റി. തോമസ് സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നത്. തീർച്ചയായും അത് ദൗർഭാഗ്യകരമാണ്. നമ്മുടെ സംസ്ഥാനത്തെ റോഡുകൾ താരതമ്യേന വളരെ മെച്ചപ്പെട്ടതും കുഴിയില്ലാത്തതുമാണ്. ചില സ്ഥലങ്ങളിൽ മഴയ്ക്കുശേഷം കുഴി രൂപപ്പെട്ട് വന്നിട്ടുണ്ട്. ആ കുഴികൾ അടയ്ക്കുന്നതിന് ഗവൺമെന്റ് ഓരോ ഡിവിഷനിലും ഒരു കോടിരൂപ വീതം നൽകിയിട്ടുണ്ട്. അതുപോലെ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ 257 കോടിരൂപയും നൽകിയിട്ടുണ്ട്. പക്ഷേ നിർഭാഗ്യവശാൽ പല കരാറുകളും ഏറ്റെടുക്കാൻ ആളില്ലാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. കുഴിമൂടുന്നത് ഉൾപ്പെടെയുള്ള കരാറുകൾ ഏറ്റെടുക്കാൻ കരാറുകാർ മുന്നോട്ടുവരുന്നില്ല. അങ്ങനെ ഒരു ദൗർഭാഗ്യകരമായ ഒരവസ്ഥയും കൂടിയുണ്ട്. ഏതായാലും ഇന്നലെ ഈ സംഭവം ശ്രദ്ധയിൽപ്പെട്ടതോടുകൂടി സംസ്ഥാനത്തുള്ള എല്ലാ പൊതുമരാമത്ത് വകുപ്പുദ്യോഗസ്ഥരെയും അലർട്ട് ആക്കിയിട്ടുണ്ട്. ഏതെങ്കിലും വിധത്തിൽ കരാറുകാർ ഏറ്റെടുക്കുന്നില്ലെങ്കിൽ കുഴി രൂപപ്പെട്ടിട്ടുള്ള എല്ലാഭാഗങ്ങളും പരിശോധിച്ച് നേരിട്ട് കുഴി അടയ്ക്കുന്നതിനുള്ള സംവിധാനം ചെയ്യാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. ഈ സംഭവത്തിൽ ഡിപ്പാർട്ടുമെന്റ് തലത്തിൽ ഒരന്വേഷണം നടത്തുന്നതാണ്. അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്. നഷ്ടപരിഹാരത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് തീരുമാനമെടുക്കേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വളരെ നിർഭാഗ്യകരമായ ഒരു സംഭവമായിപ്പോയി. ആ സമയത്തുതന്നെ വകുപ്പുമന്ത്രി ഉദ്യോഗസ്ഥന്മാർക്കെല്ലാം ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. അവിടത്തെ മാത്രമല്ല കേരളത്തിലൊട്ടാകെയുള്ള റോഡുകളിലെ കുഴി അടയ്ക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞു. നിർഭാഗ്യമെന്നു പറഞ്ഞാൽ കുഴി അടയ്ക്കുന്ന വർക്കുകൾ തൊട്ടടുത്ത സ്ഥലങ്ങളിലൊക്കെ നടന്നുകൊണ്ടിരിക്കുകയായിരുന്നു. സംഭവിക്കാൻ പാടില്ലാത്തത് സംഭവിച്ചു. അവർക്ക് സഹായം കൊടുക്കുന്ന കാര്യം ഗവൺമെന്റ് നിശ്ചയമായും പരിഗണിക്കും.